(സി) നിലവിലുള്ള രേഖകൾ പ്രകാരം ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിന് 09.7920 ഹെക്ടർ സ്ഥലം ഉണ്ട്. ഈ സ്ഥലം മുഴുവനും കാർഷിക ഗവേഷണം, വിത്ത്/നടീൽ വസ്തുക്കളുടെ ഉല്പാദനം, മറ്റുകാർഷികാനുബന്ധ ഗവേഷണ വികസന പ്രവർത്തനങ്ങൾ (പഴം, പച്ചക്കറി മൂല്യവർദ്ധനവ്) എന്നിവയ്ക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

(ഡി) 1. ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽനിന്നുള്ള വരുമാനം

Year	*Revolving Funds (Rs.)*	*Miscellaneous Farm Revenue (Rs.)*	*Total Income generated (Rs.)*
2012-13	24940714	730134	25670848
2013-14	27319363	164316	27483679

2. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള വരുമാനം.

2012-13 വർഷത്തിൽ ഉള്ള വരുമാനം : 1.37 കോടി രൂപ.

2013-14 വർഷത്തിൽ വരുമാനം 2.18 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

നിലവിൽ കേരള കാർഷിക സർവ്വകലാശാലയിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന രണ്ടാമത്തെ സ്ഥാപനമാണ് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം.

(ഇ) ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഫാം ടൂറിസം ആരംഭിക്കുന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

കുളമ്പ് രോഗം ബാധിച്ച് ചത്ത കന്നുകാലികൾക്കുള്ള നഷ്ടപരിഹാരം

162 (7459) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുളമ്പ് രോഗം ബാധിച്ച് ചത്ത കന്നുകാലികളുടെ ഉടമകൾക്ക് ഇതേവരെ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് പറയാമോ ;

(ബി) ഈ ഇനത്തിൽ ആർക്കെങ്കിലും തുക വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് ചത്ത കന്നുകാലികളുടെ ഉടമകൾക്ക് ഇതേവരെ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനത്തിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം അനുബന്ധം 2 ചേർത്തിരിക്കുന്നു.*

സ്റ്റേഷനറി വകുപ്പിന്റെ നവീകരണം

163 (7462) ശ്രീ. റ്റി. എൻ. പ്രതാപൻ :
„ ഡൊമിനിക് പ്രസന്റേഷൻ :
„ കെ. ശിവദാസൻ നായർ :
„ എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേഷനറി വകുപ്പിന്റെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനികസാങ്കേതിക വിദ്യകളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പേപ്പർ ടെസ്റ്റിംഗ് ലാബിന്റെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) നവീകരണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സ്റ്റേഷനറി വകുപ്പിന്റെ നിലവിലിരുന്ന വെബ്സൈറ്റ് റീ ഡിസൈൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷനറികളുടെ സംഭരണവും വിതരണവും ഏകോപിപ്പിക്കുന്നതിനും കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കുന്നതിനുമായി കെൽട്രോണിന്റെ സഹായത്തോടെ ഇ-മിസ്റ്റ് (Electronic Management Information System) എന്ന പേരിൽ ഒരു ഇൻവെന്ററി കൺട്രോൾ ആപ്ലിക്കേഷൻ രൂപകല്പന ചെയ്തിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിന്റെ വിവിധ അക്കൗണ്ടിംഗുകളും ഓൺലൈൻ ഇൻഡന്റിംഗ് സമ്പ്രദായവും ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് കാര്യക്ഷമമാക്കുവാൻ കഴിയും. ഇത് ഇപ്പോൾ ട്രയൽ റൺ സ്റ്റേജിലാണ് ഉള്ളത്. ഇൻവെന്ററി കൺട്രോൾ സിസ്റ്റം പ്രയോഗത്തിൽ വരുത്തുന്നതിനായി ജീവനക്കാർക്ക് വിവിധ ഘട്ടങ്ങളിലായി കെൽട്രോൺവഴി പരിശീലനവും നൽകിവരുന്നുണ്ട്. ഇ-മിസ്റ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ സ്റ്റേഷനറി വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും യൂസർ ആക്സസബിൾ ആകുന്നതാണ്. 25 ലക്ഷത്തിന് മുകളിലുള്ള എല്ലാ ടെൻഡർ നടപടികളിലും 2013 ഒക്ടോബർ മുതൽ ഇ-ടെണ്ടറിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly